പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5607 | 27.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി- യിലെ അപ്രസക്തമായ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി -യിൽ കമ്പ്യൂട്ടർവൽക്കരണവും ജോലി പുന:ക്രമീകരണവും കാരണം അപ്രസക്തമായ നൂറോളം തസ്തികകളിൽ ഇപ്പോഴും ഉദ്യോഗസ്ഥരുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഓഗസ്റ്റിലെ കണക്ക് പ്രകാരം 5500 ബസ്സിനായി 2477 മിനിസ്റ്റീരിയൽ ജീവനക്കാർ കോർപ്പറേഷനിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഓഗസ്റ്റ് 2017-ലെ കണക്കപ്രകാരം 6490 ബസ്സുകൾക്ക് 2455 സ്ഥിരം മിനിസ്റ്റീരിയൽ ജീവനക്കാരാണ് കോർപ്പറേഷനിൽ ഉള്ളത്. |
| (സി) | ചീഫ് ഓഫീസിലെ ജോലിഭാരമില്ലാത്ത കസേരകൾ പ്രമുഖ തൊഴിലാളി സംഘടനാനേതാക്കൾക്കും പ്രതിനിധികൾക്കും മാത്രമായി നൽകിയിരിക്കുകയാണോ എന്നറിയിക്കാമോ; | (സി) | ചീഫ് ഓഫീസിലെ ഒരു സെക്ഷനും തൊഴിലാളി സംഘടനാ നേതാക്കൾക്കും പ്രതിനിധികൾക്കും മാത്രമായി നൽകിയിട്ടില്ല. |
| (ഡി) | റാക്കുകൾ മാറ്റി പകരം ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ വന്നിട്ടുപോലും ടിക്കറ്റ് വിതരണം | (ഡി) | കെ.എസ്.ആർ.റ്റി.സി.യുടെ എല്ലാ സർവ്വീസ്സുകളിലും ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | ചെയ്യുന്ന ജീവനക്കാരെ പുനർ വിന്യസിക്കാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ; | | സംവിധാനം നടപ്പിലാക്കിയതുമുതൽ ടിക്കറ്റ് & ക്യാഷ് വിഭാഗത്തിലെയും, റവന്യൂ ഓഡിറ്റ് വിഭാഗത്തിലെയും ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണം വന്നാൽ വൻതോതിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ കുറക്കേണ്ടിവരുമോ; വിശദീകരിക്കാമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് വിവരം ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**